DESPATCHED
On. 15/12/21...
02/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1019(4)/*2012/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6307/*എസ്.ഐ.സി-ജി 2/2012*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജയരാമൻ.ടി,
സുജാ ഭവനം, പാവുമ്പ നോർത്ത്
പാവുമ്പ പി.ഒ, കരുനാഗപ്പള്ളി 690 574 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസിൽദാർ,
   കരുനാഗപ്പള്ളി താലൂക്ക് ഓഫീസ്
2. അപ്പീൽ അധികാരി &
   അഡീഷണൽ തഹസിൽദാർ,
   കരുനാഗപ്പള്ളി താലൂക്ക് ഓഫീസ്,

— എതിർകക്ഷികൾ

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 27-07-2021 ൽ താല്ക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2. ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും, പകർപ്പുകളും ഒന്നാം എതിർകക്ഷി ടിയാനു പൂർണ്ണമായും സൗജന്യമായി നൽകണമെന്നും, തെറ്റായ വിവരം നൽകിയതിന് നടപടിയെടുക്കാതിരിയ്ക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയും,

നിയമപരമല്ലാത്ത ഉത്തരവ് ഇറക്കിയ രണ്ടാം എതിർകക്ഷിയും കമ്മീഷന് നൽകേണ്ടതാണെന്നും, വിശദീകരണം ലഭിയ്ക്കുന്നില്ലായെങ്കിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിയ്ക്കുന്നതായിരിയ്ക്കും എന്നാണ് കമ്മീഷൻ ടി ഉത്തരവിൽ പറഞ്ഞിരുന്നത്.

3. ഇതിനു ശേഷം എതിർകക്ഷികളുടെ വിശദീകരണം 27-08-2021 ൽ കമ്മീഷന് ലഭിച്ചു. കമ്മീഷൻ നിർദ്ദേശപ്രകാരം വിവരങ്ങളും, രേഖകളും അപ്പീൽ ഹർജിക്കാരന് നൽകി കഴിഞ്ഞതായി ഒന്നാം എതിർകക്ഷി വിശദീകരണ കുറിപ്പിൽ പറയുന്നുണ്ട്. പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും(എസ്.പി.ഐ.ഒ) അപ്പീലധികാരിയും ആയിരുന്ന യഥാക്രമം ശ്രീ ആർ. സദാശിവൻ, ശ്രീമതി.കെ.ഗിരിജ എന്നിവരുടെ വിശദീകരണം കമ്മീഷനു ലഭിച്ചിട്ടുണ്ട്. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിഷയം സംബന്ധിച്ച ഉത്തരവുകൾ താലൂക്ക് ഓഫീസിൽ ലഭ്യമല്ലായിരുന്നു എന്നും ഈ വിവരം കാണിച്ച് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ടിയാന് മറുപടി നൽകിയിരുന്നതാണെന്നും ശ്രീമതി. കെ. ഗിരിജ വിശദീകരണകുറിപ്പിൽ പറയുന്നു. അതിനു ശേഷം 17-03-2012 ൽ അപ്പീലധികാരിയ്ക്ക് ടിയാൻ സമർപ്പിച്ച ഒന്നാം അപ്പീലിൽ 4-04-2012 ൽ
ഹിയറിംഗ് നടത്തി മരണപ്പെട്ട ചിന്നമ്മയുടെ അനന്തരാവകാശി ശ്രീ തോമസ് കുട്ടിയ്ക്ക് സൗജന്യ നിരക്കിൽ സ്ഥലം പതിച്ചു നൽകുന്നതിനുള്ള സ്പെഷ്യൽ ഉത്തരവുകൾ ഓഫീസിൽ ലഭിച്ചിട്ടില്ലന്നു കക്ഷിയെ അറിയിച്ചിരുന്നതാണെന്നും, സബ്സിഡൈസ്ഡ് റെന്റൽ സ്കീം പ്രകാരം ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി WP(c)8733/07 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിവില ഒടുക്കി പതിച്ചു നൽകുന്നതിന് 07-09-2007 ലെ സർക്കാർ ഉത്തരവ് GO(Rt) 3756/2007/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ വിവരം ഹിയറിംഗ് സമയത്ത് കക്ഷിയെ അറിയിച്ചിരുന്നതാണ് എന്നും കക്ഷി ആവശ്യപ്പെട്ട പരേതയായ ചിന്നമ്മയുടെ അനന്തരാവകാശി ശ്രീ തോമസ് കുട്ടിയ്ക്ക് സൗജന്യമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള സ്പെഷ്യൽ ഉത്തരവുകൾ ഈ കാലയളവിൽ ഓഫീസിൽ ലഭ്യമല്ലായിരുന്നു എന്നും, എന്നാൽ ഭൂമി പതിവുമായി ബന്ധപ്പെട്ട

ഉത്തരവായതിനാൽ ഏതെങ്കിലും തരത്തിൽ അപേക്ഷകന് പ്രയോജനപ്പെടുമെന്ന സദുദ്ദേശത്തോടെയാണ് ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകാമെന്ന് അറിയിച്ചിരുന്നത് എന്നും ടി വിശദീകരണത്തിൽ പറയുന്നത്.

4. ഇക്കാര്യം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീ.ആർ. സദാശിവൻ നൽകിയ വിശദീകരണത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഒന്നാം എതിർകക്ഷി കമ്മീഷൻ ഉത്തരവ് പ്രകാരം വിവരങ്ങൾ നൽകിയതും, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും നൽകിയ വിശദീകരണം വിശ്വാസത്തിലെടുത്തും അപ്പീൽ ഹർജിയിന്മേൽ തുടർനടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം ഡിസംബർ 2, 2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre